# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് മുപ്പത്തിനാല്

## രാജാവിന്റെ തിരസ്കരണത്തിന്റെ ദൃഢീകരണം

## (3)

Tue ഈ ദൂതിൽ നമുക്ക് 12:38-50 ചിന്തിക്കാം.

## IV. തിരസ്കരിക്കുന്ന തലമുറയ്ക്കുള്ള അടയാളം

### A. തിരസ്കരിക്കുന്ന തലമുറ ഒരു അടയാളം കാണുവാൻ ആഗ്രഹിക്കുന്നു

പരീശന്മാർക്ക് കർത്താവായ യേശുവിനോട് വാദിക്കുവാൻ കഴിഞ്ഞില്ല എന്നതുകൊണ്ട്, അവർ പ്രതിലോമ വശത്തുനിന്നും അനുലോമ വശത്തിലേക്കെന്നു തോന്നുംവിധം വിഷയത്തെ മാറ്റി. വാക്യം 38 പറയുന്നു, "അപ്പോൾ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോട്, ഗുരോ, നിന്നിൽനിന്ന് ഒരു അടയാളം കാണുവാൻ ഇച്ഛിക്കുന്നു എന്ന് ഉത്തരം പറഞ്ഞു." വാദപ്രതിവാദത്തിലൂടെ കർത്താവായ യേശുവിനെ അവർക്ക് പരാജയപ്പെടുത്തുവാൻ കഴിയാഞ്ഞതുകൊണ്ട് മുഖം രക്ഷിക്കുന്നതിന് ഒരു കാര്യത്തിൽനിന്നും മറ്റൊന്നിലേക്ക് അവർ വിഷയം മാറ്റി. അവർ കർത്താവിനോട് ഒരു അടയാളം ആവശ്യപ്പെട്ടു. ഇത് കൗശലപരമായ ഒരു നിർദ്ദേശമായിരുന്നു. ഒരു അടയാളം, ചില ആത്മിക സൂചിതാർഥത്തോടുകൂടിയ ഒരു അത്ഭുതമാണ്. യെഹൂദന്മാർ എപ്പോഴും അടയാളങ്ങൾ അന്വേഷിക്കുന്നു (1 കൊരി. 1:22). തന്നെക്കുറിച്ച് ഇനിയും ചിലത് മുഴുവൻ പ്രപഞ്ചത്തോടും വെളിപ്പെടുത്തുവാൻ ഇത് ഒരിക്കൽക്കൂടെ കർത്താവിന് അവസരം നൽകി.

### B. രാജാവിന്റെ മരണത്തിന്റെ അടയാളമൊഴിക യാതൊരു അടയാളവും അവർക്കു നൽകുന്നില്ല

വാക്യം 39 പറയുന്നു, "എന്നാൽ അവൻ അവരോട് ഉത്തരം പറഞ്ഞു, ദുഷ്ടതയും വ്യഭിചാരവുമുള്ള തലമുറ അടയാളം അന്വേഷിച്ചു പോകുന്നു, യോനാപ്രവാചകന്റെ അടയാളമല്ലാതെ

അതിന് അടയാളം നൽകുകയില്ല." നിങ്ങൾ ആ പരീശന്മാരിൽ ഒരുവനായിരുന്നെങ്കിൽ, കർത്താവിന്റെ മറുപടി നിങ്ങളെ വിഷമിപ്പിക്കുമായിരുന്നില്ലേ? പരീശന്മാർ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "നീ ഞങ്ങൾക്ക് ഒരു അടയാളം കാണിച്ചുതരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു, എന്നാൽ നീ ഞങ്ങളെ ദുഷ്ടതയും വ്യഭിചാരവുമുള്ള തലമുറയെന്ന് വിളിക്കുന്നു. ഇതിനുമുമ്പ്, നീ ഞങ്ങളെ സർപ്പസന്തതികളെന്നു വിളിച്ചു. നീ ഒരു നല്ല ഗുരുവാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഗുരോ, ഞങ്ങൾക്ക് ഒരു അടയാളം കാണിച്ചുതരിക. ചില സൂചിതാർഥത്തോടുകൂടിയ ഒരു അത്ഭുതം ഞങ്ങൾക്ക് കാണിച്ചുതരിക." കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "അതെ, നിങ്ങൾ ഒരു അടയാളം കാണും. നിങ്ങൾ സത്യസന്ധമായ ഒരു തലമുറയോ നിർമലമായ ഒരു തലമുറയോ അല്ല, ദുഷ്ടതയും വ്യഭിചാരവുമുള്ള തലമുറയാണെങ്കിലും നിങ്ങൾക്കുവേണ്ടി ഒരു അടയാളമുണ്ട്—യോനായുടെ അടയാളം."

കർത്താവായ യേശു യോനായുടെ അടയാളത്തിന്റെ സൂചിതാർഥത്തെ അവരോട് പറയുവാൻ തുടങ്ങി. വാക്യം 40-ൽ അവൻ പറഞ്ഞു, "എപ്രകാരം യോനാ മഹാമത്സ്യത്തിന്റെ വയറ്റിൽ മൂന്നു പകലും മൂന്നു രാവും ആയിരുന്നുവോ, അപ്രകാരം മനുഷ്യപുത്രനും മൂന്നു പകലും മൂന്നു രാവും ഭൂമിയുടെ ഹൃദയത്തിൽ ആയിരിക്കും." ഇത് അവർക്ക് വളരെ അർഥവത്തായ ഒരു അടയാളമായിരുന്നു. "ഭൂമിയുടെ ഹൃദയം" തന്റെ മരണശേഷം കർത്താവ് പോയതായ ഭൂമിയുടെ അധോഭാഗങ്ങളെന്നും (എഫെ. 4:9) പാതാളമെന്നും (പ്രവൃ. 2:27) വിളിക്കപ്പെടുന്നു. പഴയനിയമത്തിലെ ഷിയോലിന് തുല്യമായ പാതാളത്തിന് രണ്ടു ഭാഗങ്ങളുണ്ട്: യാതനയുടെ ഭാഗവും, ആശ്വാസത്തിന്റെ ഭാഗവും (ലൂക്കൊ. 16:23-26). ആശ്വാസത്തിന്റെ ഭാഗം പറുദീസയാണ്; അവിടെയാണ് കർത്താവും രക്ഷിക്കപ്പെട്ട കള്ളനും തങ്ങളുടെ മരണശേഷം പോയത് (ലൂക്കൊ. 24:43). തന്മൂലം, ഭൂമിയുടെ ഹൃദയവും, ഭൂമിയുടെ അധോഭാഗങ്ങളും, പാതാളവും, പറുദീസയും സമാനാർഥ പദപ്രയോഗങ്ങളാണ്; തന്റെ മരണത്തിനുശേഷവും പുനരുഥാനത്തിനുമുമ്പും കർത്താവ് മൂന്നു പകലും മൂന്നു രാവും തങ്ങിയ സ്ഥലത്തെ അവ പരാമർശിക്കുന്നു.

വാക്യം 41-ൽ കർത്താവു തുടർന്നുപറഞ്ഞു, "നിനവേക്കാർ ന്യായവിധിയിൽ ഈ തലമുറയോടുകൂടെ എഴുന്നേറ്റ് അതിനെ ശിക്ഷവിധിക്കും, കാരണം അവർ യോനായുടെ പ്രസംഗത്താൽ മാനസാന്തരപ്പെട്ടു, ഇതാ, ഇവിടെ യോനായെക്കാൾ അധികമായതത്." വാക്യം 41-ലെയും 42-ലെയും "അധികമായത്" എന്നതിനുള്ള യവനപദം *പ്ലെയോൺ* ആണ്, അളവിലും ഗുണത്തിലും അധികമായത് എന്ന് അർഥം; തന്മൂലം,

അധികമായത്. ഇത് ബാഹ്യമായ വലിപ്പത്തിലോ അളവിലോ വലിയത് എന്നർഥമുള്ള വാക്യം 6-ലെ വലിയത് എന്നതിനുള്ള പദമായ *മൈസോണിൽനിന്നും* വ്യത്യസ്തമാണ്. തന്റെ ജനത്തിന്റെ അടുക്കലേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകനെന്ന നിലയിൽ ക്രിസ്തു (ആവ. 18:15, 18) പ്രവാചകനായ യോനായെക്കാൾ അധികമായവനാണ്. യിസ്രായേലിൽനിന്നും ജാതികളിലേക്ക് തിരിഞ്ഞവനും, മഹാമത്സ്യത്തിന്റെ വയറ്റിലേക്ക് വലിച്ചെറിയപ്പെട്ടവനുമായ പ്രവാചകനായിരുന്നു യോനാ. അവിടെ മൂന്നു ദിവസം തങ്ങിയശേഷം ആ തലമുറയ്ക്ക് മാനസാന്തരത്തിനുള്ള ഒരു അടയാളമായിത്തീരുവാൻ അവൻ പുറത്തു വന്നു (യോനാ 1:2, 17; 3:2-10). യിസ്രായേലിൽനിന്നും ജാതികളിലേക്കു തിരിയുകയും, മൂന്നു ദിവസം ഭൂമിയുടെ ഹൃദയത്തിൽ അടക്കപ്പെട്ടിരിക്കുകയും, പിന്നീട് രക്ഷയ്ക്കായി ഈ തലമുറയ്ക്ക് ഒരു അടയാളമായിത്തീർന്നുകൊണ്ട് ഉയിർപ്പിക്കപ്പെടുന്നവനുമായ ക്രിസ്തുവിന്റെ ഒരു മുൻകുറിയായിരുന്നു ഇത്.

വാക്യം 41-ൽ കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "യോനായുടെ അടയാളം നിമിത്തം നിനവേക്കാർ മാനസാന്തരപ്പെട്ടു. എന്നിട്ടും, മനുഷ്യപുത്രൻ ഭൂമിയുടെ ഹൃദയത്തിൽ മൂന്നു പകലും മൂന്നു രാവും അടക്കപ്പെടുന്നതായ ഇങ്ങനെയുള്ള ഒരു അടയാളം കാണുന്ന, ദുഷ്ടതയും വ്യഭിചാരവുമുള്ള തലമുറയായ നിങ്ങൾ മാനസാന്തരപ്പെടുകയില്ല." 40-ലും 41-ലുമുള്ള കർത്താവിന്റെ വാക്ക് ഒരു സാധാരണ വാക്കായിരുന്നില്ല; അതൊരു പ്രവചനമായിരുന്നു. ഭൂമിയുടെ ഹൃദയത്തിൽ കർത്താവ് അടക്കപ്പെടുന്നതിനുമുമ്പ്, മൂന്നു പകലും മൂന്നു രാവും അവൻ ഭൂമിയുടെ ഹൃദയത്തിലായിരിക്കുമെന്നു പറഞ്ഞുകൊണ്ട്, ഈ രീതിയിൽ അവൻ പ്രവചിച്ചു. കർത്താവായ യേശു തന്റെ കരുണയിൽ ഇത് അവരോടു പറഞ്ഞുവെന്ന് ഞാൻ വിശ്വസിക്കുന്നു. "എന്റെ മരണത്തിന്റെയും അടക്കത്തിന്റെയും ഒരു ദീർഘദർശനം ഞാൻ നിങ്ങൾക്കു തരുന്നു. യോനാ നിനവേക്കാരെയെല്ലാം മാനസാന്തരപ്പെടുവാൻ ഇടയാക്കിയ അവർക്കുള്ള ഒരു അടയാളമായിരുന്നതുപോലെ, ഇത് നിങ്ങൾക്ക് ഒരു അടയാളമായിരിക്കും. നിങ്ങൾ അതു കാണുമ്പോൾ നിങ്ങൾ രക്ഷിക്കപ്പെടത്തക്കവണ്ണം ഞാൻ ഇത് ഇപ്പോൾ മുൻകൂട്ടി പറയുന്നു" എന്ന് അവൻ പറഞ്ഞതായി തോന്നുന്നു. എങ്കിലും, അവർ മാനസാന്തരപ്പെട്ടില്ല. പരീശന്മാർ എത്ര ശാഠ്യമുള്ളവരാണെന്ന് ഇതിനാൽ നാം കാണുന്നു.

### C. രാജാവ് പുനരുത്ഥാനത്തിൽ ശലോമോനെക്കാൾ അധികമായവൻ ആകുന്നു

പരീശന്മാരുമായുള്ള കർത്താവിന്റെ സംഭാഷണത്തിൽ, പെട്ടെന്ന് മറ്റൊരു അടയാളം പ്രത്യക്ഷമായി: ശലോമോന്റെ

അടയാളം. വാക്യം 42 പറയുന്നു, "തെക്കേ രാജ്ഞി, ന്യായവിധിയിൽ ഈ തലമുറയോടൊപ്പം എഴുന്നേറ്റ് അതിനെ ശിക്ഷവിധിക്കും, കാരണം അവൾ ഭൂമിയുടെ അറ്റങ്ങളിൽനിന്ന് ശലോമോന്റെ ജ്ഞാനം കേൾക്കുവാൻ വന്നു, ഇതാ ഇവിടെ ശലോമോനെക്കാൾ അധികമായത്." ദാവീദിന്റെ പുത്രനെന്ന നിലയിൽ രാജാവായിരിക്കാനുള്ള ക്രിസ്തു രാജാവായ ശലോമോനെക്കാൾ അധികമായവനാണ്. ശലോമോൻ ദൈവാലയം പണിയുകയും, ജ്ഞാനത്തിന്റെ വചനം സംസാരിക്കുകയും, അവന്റെ അടുക്കലേക്ക് ജാതീയ രാജ്ഞി വരുകയും ചെയ്തു (1 രാജാ. 6:2; 10:1-8). ഇതും ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്; ദൈവത്തിന്റെ ആലയമായിരിക്കുവാൻ ക്രിസ്തു സഭ പണിയുകയും, ജ്ഞാനത്തിന്റെ വചനം സംസാരിക്കുകയും, അവനിലേക്ക് ജാതീയ അന്വേഷകർ തിരിയുകയും ചെയ്യുന്നു.

ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകനെന്ന നിലയിലോ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട രാജാവെന്ന നിലയിലോ, 18-ഉം 21-ഉം വാക്യങ്ങളിൽ പ്രവചിച്ചിരിക്കുന്നതുപോലെ ക്രിസ്തു യിസ്രായേലിൽനിന്നും ജാതികളിലേക്ക് തിരിയുമെന്ന് ഈ രണ്ട് മുൻകുറികളും സൂചിപ്പിക്കുന്നു.

ചരിത്രമനുസരിച്ച്, ശലോമോൻ രാജാവ് യോനായ്ക്കു മുമ്പ് വന്നു. എന്നാൽ ആത്മിക സൂചിതാർഥമനുസരിച്ച്, മത്തായിയിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, യോനാ ആദ്യം വന്നു. മത്തായിയുടെ വിവരണം ചരിത്രത്തിന്റെ ക്രമമനുസരിച്ചല്ല, മറിച്ച് ഉപദേശത്തിന്റെ ക്രമമനുസരിച്ചാണെന്ന് ഇതും തെളിയിക്കുന്നു. ഉപദേശമനുസരിച്ച്, ക്രിസ്തു ആദ്യം മരിക്കുകയും ഉയിർപ്പിക്കപ്പെടുകയും വേണം: അതിനുശേഷം അവൻ സഭ പണിയുകയും ജ്ഞാനത്തിന്റെ വചനം സംസാരിക്കുകയും ചെയ്യുന്നു. യെഹൂദന്മാരും ജാതികളും അടങ്ങുന്ന ഈ തലമുറയ്ക്ക് ഇതാണ് യഥാർഥ അടയാളം (1 കൊരി. 1:22, 24).

40 മുതൽ 42 വരെയുള്ള കർത്താവിന്റെ വാക്കിനാൽ അവൻ തന്റെ മരണത്തെയും, അടക്കത്തെയും, പുനരുത്ഥാനത്തെയും പൂർണമായി പ്രവചിച്ചു. യോനാ ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലുമുള്ള അവന്റെ ഒരു മുൻകുറിയായിരുന്നു; ശലോമോൻ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലുള്ള അവന്റെ ഒരു മുൻകുറിയായിരുന്നു. പരീശന്മാർ ശാഠ്യക്കാരല്ലായിരുന്നെങ്കിൽ ഇങ്ങനെയുള്ള വാക്കുകൾ നിസാരമായി സംസാരിച്ചതല്ലെന്ന് അവർ മനസ്സിലാക്കുമായിരുന്നു. മറിച്ച്, കർത്താവിന്റെ വാക്ക് വളരെ ഗൗരവമുള്ളതും, പ്രാധാന്യമുള്ളതും, അർഥമുള്ളതും ആയിരുന്നു. പരീശന്മാർ അവയെ അപ്രധാനമായി കണക്കാക്കരുതായിരുന്നു. നാം അവിടെ ഉണ്ടായിരിക്കുകയും, ഈ വാക്കുകൾ കേൾക്കുകയും ചെയ്തിരുന്നുവെങ്കിൽ, നാം നിശ്ചയമായും

അവയെ ഗൗരവമുള്ളതും, ഘനമേറിയതും, സൂചിതാർഥംകൊണ്ട് നിറഞ്ഞതാണെന്നും കണക്കാക്കുമായിരുന്നു. പരീശന്മാർ കർത്താവിന്റെ വാക്ക് സ്വീകരിച്ചിരുന്നുവെങ്കിൽ, കർത്താവ് ക്രൂശിക്കപ്പെടുകയും, അടക്കപ്പെടുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതിനുശേഷം അവർ മാനസാന്തരപ്പെടുകയും വിശ്വസിക്കുകയും ചെയ്യുമായിരുന്നു. പരീശന്മാരോടുള്ള തന്റെ ഉത്തരത്തിൽ കർത്താവ് കരുണയുള്ളവനായിരുന്നു. അവൻ അവരെ ശാസിക്കുകയാണെന്ന് തോന്നുമെങ്കിലും, അവൻ ശാസിക്കുകയായിരുന്നതിനെക്കാൾ അവൻ കരുണയുള്ളവനായിരുന്നു. അവൻ മരിക്കുവാനും, അടക്കപ്പെടുവാനും, ഉയിർത്തെഴുന്നേൽക്കുവാനും പോകുകയാണെന്നു സൂചിപ്പിച്ചുകൊണ്ട് അവൻ അവർക്ക് യോനായുടെയും ശലോമോന്റെയും അടയാളങ്ങൾ കൊടുത്തു. അവന്റെ മരണ പുനരുത്ഥാനങ്ങൾ ഈ യുഗത്തിനും ആ തലമുറയ്ക്കുമുള്ള നിസ്തുല അടയാളമായിരിക്കണം. ഇരുപതാം നൂറ്റാണ്ടിൽ ഇന്നും ഇത് സത്യമാണ്. ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും ഇപ്പോഴും ഈ യുഗത്തിനുള്ള നിസ്തുലമായ അടയാളങ്ങളാണ്. അവന്റെ മരണം വാസ്തവമായി അർഥമുള്ളതും, അവന്റെ പുനരുത്ഥാനം സൂചിതാർഥംകൊണ്ട് നിറഞ്ഞതുമാണ്. എന്നിരുന്നാലും, ആ ദുഷ്ടതയും വ്യഭിചാരവുമുള്ള തലമുറയെ പ്രതിനിധീകരിക്കുന്ന ശാഠ്യക്കാരായ പരീശന്മാർ ശ്രദ്ധിച്ചില്ല.

ആ സമയം മുതൽ യെഹൂദജനത്തിനുവേണ്ടി താൻ അത്ഭുതങ്ങളൊന്നും ചെയ്യുകയില്ലെന്നും യോനായെയും ശലോമോനെയും സംബന്ധിച്ച കർത്താവിന്റെ വാക്ക് സൂചിപ്പിച്ചു. അവൻ മരിക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്നതുവരെ അവർക്ക് അടയാളങ്ങളൊന്നും കൊടുക്കുകയില്ല. അവന്റെ മരണപുനരുത്ഥാനങ്ങൾ ശാഠ്യക്കാരായ എല്ലാ യെഹൂദന്മാർക്കും യഥാർഥ അടയാളമായിത്തീർന്നു. അവ ആ തലമുറയ്ക്കുള്ള നിസ്തുലമായ അടയാളങ്ങളായിരുന്നു.

## V. തിരസ്കരിക്കുന്ന തലമുറ വഷളായിത്തീരുന്നു

തിരസ്കരിക്കുന്ന തലമുറ വഷളായിത്തീരുമെന്ന് 43 മുതൽ 45 വരെയുള്ള വാക്യങ്ങൾ സൂചിപ്പിക്കുന്നു. വാക്യം 43 പറയുന്നു, "അശുദ്ധാത്മാവ് ഒരു മനുഷ്യനിൽനിന്ന് പുറത്തേക്കു പോകുമ്പോൾ അത് വെള്ളമില്ലാത്ത ഇടങ്ങളിൽക്കൂടി വിശ്രമം അന്വേഷിച്ചുകൊണ്ട് അലയുന്നു, കണ്ടെത്തുന്നതുമില്ല." അശുദ്ധാത്മാവ്, ഒരു ഭൂതം (വാ. 22) വിശ്രമത്തിനായി അന്വേഷിക്കുന്നു, എന്നാൽ വെള്ളമില്ലാത്ത ഇടങ്ങളിൽ അത് കണ്ടെത്തുവാൻ കഴിയുകയില്ല. കാരണം ഉല്പത്തി 1:2-ലെ വെള്ളത്താലുള്ള ദൈവത്തിന്റെ ന്യായവിധിക്കുശേഷം ഭൂതങ്ങളുടെ വാസസ്ഥാനം കടലാണ്. ഉണങ്ങിയ സ്ഥലങ്ങളിൽ ഭൂതത്തിന്

വിശ്രമം കണ്ടെത്തുവാൻ കഴിയാത്തതിനാൽ അത് ആരംഭത്തിൽ കൈവശപ്പെടുത്തിയിരുന്ന മനുഷ്യശരീരത്തിലേക്ക് മടങ്ങിവരുകയും അവിടെ അതിന്റെ വീടുണ്ടാക്കുകയും ചെയ്യുന്നു (വാ. 44-45).

44-ഉം 45-ഉം വാക്യങ്ങൾ തുടർന്നു പറയുന്നു, "അപ്പോൾ അത്, ഞാൻ പുറത്തുവന്ന എന്റെ വീട്ടിലേക്ക് മടങ്ങിപ്പോകും എന്നു പറയുന്നു. അതു വന്ന് അതിനെ ഒഴിഞ്ഞും അടിച്ചുവാരിയും അലങ്കരിച്ചതുമായി കണ്ടെത്തുന്നു. അപ്പോൾ അത് പുറപ്പെട്ട് തന്നോടുകൂടെ, തന്നെക്കാൾ ദുഷ്ടതയേറിയ വേറെ ഏഴ് ആത്മാക്കളെ കൊണ്ടുവരുന്നു, അവർ അകത്തു പ്രവേശിച്ച് അവിടെ താമസമുറപ്പിക്കുകയും ചെയ്യുന്നു. ആ മനുഷ്യന്റെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിലും വഷളായിത്തീരുന്നു. ഈ ദുഷ്ട തലമുറയ്ക്കും അങ്ങനെതന്നെ ഭവിക്കും." ഉപദേശപരമായി, വാക്യം 43 വാക്യം 22-ന്റെ തുടർച്ചയാണ്. അവയ്ക്കിടയിൽ യെഹൂദന്മാർ ക്രിസ്തുവിനെ തിരസ്കരിക്കുന്നതിന്റെയും ക്രിസ്തു അവരെ ഉപേക്ഷിക്കുന്നതിന്റെയും ഒരു വിവരണമുണ്ട്. ഇവിടെ കർത്താവ് തിരസ്കരിക്കുന്ന യെഹൂദന്മാരുടെ ദുഷ്ട തലമുറയെ ഭൂതഗ്രസ്തനായ മനുഷ്യനോട് ഉപമിച്ചു. കർത്താവിന്റെ ദൃഷ്ടിയിൽ തിരസ്കരിക്കുന്ന യെഹൂദന്മാർ ഭൂതബാധിതരായ ജനത്തെപ്പോലെ യായിരുന്നു. ജാതികൾ മാനസാന്തരപ്പെടുമെന്ന് യോനായുടെയും ശലോമോന്റെയും രണ്ട് അടയാളങ്ങൾ സൂചിപ്പിച്ചു, എന്നാൽ ഭൂതഗ്രസ്തനായ മനുഷ്യന്റെ സംഭവം സൂചിപ്പിച്ചത് തിരസ്കരിക്കുന്ന യെഹൂദന്മാർ മാനസാന്തരപ്പെടുകയില്ലെന്നാണ്. അവർ അഴുക്ക് അടിച്ചുവാരുകയും തങ്ങളെത്തന്നെ സൗന്ദര്യവൽക്കരിക്കുവാൻ നല്ല കാര്യങ്ങൾ കൂട്ടിച്ചേർക്കുകയും മാത്രമേ ചെയ്യുകയുള്ളൂ, എന്നാൽ അവരെ നിറയ്ക്കുവാൻ ക്രിസ്തുവിനെ സ്വീകരിക്കുകയില്ല. പകരം, അവർ ശൂന്യരും ഒഴിഞ്ഞവരുമായി നിലകൊള്ളും. ഇതാണ് ഇന്നത്തെ യെഹൂദന്മാരുടെ അവസ്ഥ. ഈ യുഗത്തിന്റെ അന്ത്യത്തോടടുത്ത്, അവർ ഭൂതങ്ങളാൽ ഏഴു മടങ്ങ് കൈവശമാക്കപ്പെടുകയും, അവരുടെ സ്ഥിതി എന്നത്തേതിനെക്കാളും വഷളായിത്തീരുകയും ചെയ്യും.

ആ ദുഷ്ട തലമുറയെ കർത്താവായ യേശു ഭൂതം വിട്ടുപോയ ഭൂതഗ്രസ്തനയ വ്യക്തിയോട് ഉപമിച്ചു. ആ വ്യക്തി മാനസാന്തരപ്പെട്ട് ക്രിസ്തുവിനെ സ്വീകരിക്കാത്തതുകൊണ്ട് അവൻ ഒഴിഞ്ഞവനായിരുന്നു. ഭൂതത്തെ പുറത്താക്കിയെങ്കിലും, ക്രിസ്തുവിന് കടന്നുവരാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട്, ആ വ്യക്തി ഒഴിഞ്ഞ ഒരു വീടു പോലെയായിരുന്നു. ഈ തലമുറ ഇങ്ങനെയുള്ള ഒരു വ്യക്തിയെപോലെ ആയിരുന്നു എന്ന് കർത്താവായ യേശു പറഞ്ഞു. ഈ വീടിനെ കർത്താവായ യേശു മൂന്നു വാക്കുകൾകൊണ്ട് വിശദീകരിക്കുന്നു: ഒഴിഞ്ഞതും, അടിച്ചുവാരിയതും, അലങ്കരിച്ചതും. ഈ വാക്കും,

നിറവേറിക്കഴിഞ്ഞതെങ്കിലും ഇനിയും നിറവേറാനുള്ളതായ ഒരു പ്രവചനം ആയിരുന്നു. യിസ്രായേൽരാഷ്ട്രം രൂപീകരിക്കുവാൻ തിരിച്ചുവന്നവരായ യെഹൂദന്മാർ അടിച്ചുവാരപ്പെട്ടവരും, അലങ്കരിക്കപ്പെട്ടവരും, ഒഴിഞ്ഞവരും ആണ്. ഇന്ന് മുഴുവൻ യിസ്രായേൽരാഷ്ട്രവും ശുദ്ധമാക്കപ്പെട്ടും, നിരവധി കാര്യങ്ങൾ പുറത്താക്കപ്പെട്ടുമിരിക്കുന്നു. കൂടാതെ, വിവിധങ്ങളായ നല്ല കാര്യങ്ങളെക്കൊണ്ട് അവർ അലങ്കരിക്കപ്പെട്ടുമിരിക്കുന്നു: യെഹൂദജനം ശാസ്ത്രത്തിലും മറ്റു മേഖലകളിലും മുന്തിനിൽക്കുന്നു. എങ്കിലും, യിസ്രായേൽരാഷ്ട്രം ഒഴിഞ്ഞതായി കിടക്കുന്നു. ഈ വാക്യങ്ങളിലുള്ള കർത്താവിന്റെ വാക്ക് ഇന്നത്തെ യെഹൂദന്മാരുടെ ശാഠ്യമുള്ള തലമുറയെക്കുറിച്ചുള്ള ഒരു പ്രവചനമാണ്.

Thu ഞാൻ യിസ്രായേലിനെ സ്നേഹിക്കുന്നുവെങ്കിലും ഞാൻ ദൈവത്തിന്റെ വെളിപാടനുസരിച്ച് സംസാരിക്കണം. അടുത്ത കാലത്ത് യിസ്രായേലിലേക്കുള്ള ഒരു സന്ദർശനത്തിൽ യെഹൂദന്മാർ അടിച്ചുവാരപ്പെട്ടും, ശുദ്ധമാക്കപ്പെട്ടും, അലങ്കരിക്കപ്പെട്ടുമിരിക്കുന്നത് ഞങ്ങൾ കണ്ടു; എന്നാൽ അവർ ഒഴിഞ്ഞവരായിരുന്നു. ഞാൻ കർത്താവിന്റെ വചനത്തോട് യോജിക്കുന്നു. ആ വ്യക്തി ഒഴിഞ്ഞവനാണെന്ന് ഭൂതം മനസ്സിലാക്കിയപ്പോൾ, അത് അതിനെക്കാൾ ദുഷ്ടതയേറിയ ഏഴ് ആത്മാക്കളെ കൂട്ടുകയും ഒഴിവു നികത്തുവാൻ അവയെല്ലാം വരുകയും ചെയ്തു. വർഷം കഴിയുന്തോറും യിസ്രായേൽരാഷ്ട്രം കൂടുതൽ കൂടുതൽ പൈശാചികമായിത്തീരുമെന്ന് ഇത് സൂചിപ്പിക്കുന്നു. കൂടുതൽ കൂടുതൽ ഭൂതസംബന്ധമായ കാര്യങ്ങൾ അവിടെ കണ്ടെത്തും. യെഹൂദന്മാർ വെടിപ്പാക്കപ്പെട്ട ഒരു വീടു പോലെയാണ്, എന്നാൽ അവർ ക്രിസ്തുവിനെ അംഗീകരിക്കുകയും അവനെ അവരിലേക്ക് സ്വീകരിക്കുകയുമില്ല. മറിച്ച്, അവർ ഒഴിഞ്ഞവരായി കിടക്കും. ഇന്നത്തെ യിസ്രായേൽരാഷ്ട്രത്തെ നോക്കുക. യെഹൂദന്മാരുടെ ലക്ഷ്യം എന്താണ്? അവരുടെ രാഷ്ട്രത്തിന്റെ നിലനില്പിനെ കാത്തുകൊള്ളുന്നതല്ലാതെ മറ്റൊരു ലക്ഷ്യവുമില്ലെന്ന് അനേകർ പറയുമായിരിക്കും. എന്നാൽ അത് അവരുടെ ലക്ഷ്യമായിരിക്കരുത്. യിസ്രായേൽരാഷ്ട്രം നിലനിൽക്കുന്നുവോ ഇല്ലയോ എന്നത് യെഹൂദന്മാരുടെ പരിശ്രമത്തെ ആശ്രയിച്ചിരിക്കുന്നില്ല; അത് ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു. യിസ്രായേൽരാഷ്ട്രത്തിന്റെ നിലനില്പിനുവേണ്ടി എനിക്ക് ചിന്താഭാരമില്ല. കർത്താവ് അതിനെ പുനഃസ്ഥാപിച്ചിരിക്കുന്നു, അതിനെ ആർക്കും ഇല്ലായ്മ ചെയ്യുവാൻ കഴിയുകയില്ല. അറബികൾ ചെയ്യുന്നതെല്ലാം വ്യർഥമാണ്, കാരണം യിസ്രായേൽരാഷ്ട്രത്തിന്റെ പുനഃസ്ഥാപനം ദൈവത്തിന്റെ വേലയാണ്. എന്നിരുന്നാലും, യിസ്രായേൽരാഷ്ട്രത്തിന് ഇന്ന് യാതൊരു ലക്ഷ്യവുമില്ല; അതിനാൽ അത് ഒഴിഞ്ഞു കിടക്കുന്നു.

നാല്പത്തഞ്ചിലധികം വർഷം മുമ്പത്തെക്കാൾ യിസ്രായേലിനെക്കുറിച്ചുള്ള ഈ ഭാഗത്തെ സംബന്ധിച്ച് ഞാൻ വ്യക്തത ഉള്ളവനായിത്തീർന്നു. തീർച്ചയായും ആ സമയത്ത് യിസ്രായേലിന്റെ പുനഃസ്ഥാപനത്തെയോ യെരൂശലേമിനെ മടക്കി ലഭിക്കുന്നതോ എനിക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. ഷങ്ഹായിയിൽവച്ച് യിസ്രായേലിന്റെ പുനഃസ്ഥാപനത്തെക്കുറിച്ച് വർത്തമാന പത്രത്തിൽ ഞാൻ വായിച്ച ദിവസത്തെ ഞാൻ ഒരിക്കലും മറക്കുകയില്ല; 1967-ൽ യെരൂശലേം യിസ്രായേലിന് തിരികെ ലഭിച്ചു എന്നു ഞാൻ കേട്ടപ്പോഴുള്ള ആ ദിവസത്തെയും ഞാൻ മറക്കുകയില്ല. കർത്താവു മടങ്ങി വരുന്നതുവരെ യിസ്രായേൽ ഒരു രാഷ്ട്രമായി നിലകൊള്ളുമെന്നതിന് സംശയമില്ല. യിസ്രായേൽ ഒഴിഞ്ഞവരായിരിക്കുന്നു എന്നതാണ് എന്റെ ചിന്താഭാരം. എന്തുകൊണ്ട് യെഹൂദന്മാർ അവരുടെ മശിഹായെ അംഗീകരിക്കുകയില്ല? അവരെ കൈവശപ്പെടുത്തുവാൻ എന്തുകൊണ്ട് അവർ ക്രിസ്തുവിനെ അനുവദിക്കുകയില്ല? ഇന്ന് അവർ ഒഴിഞ്ഞവരായി നിലകൊള്ളുന്നു, അവരുടെ സാഹചര്യം കൂടുതൽ കൂടുതൽ വഷളായിത്തീരും.

## VI. തിരസ്കരണം രാജാവ് ഉപേക്ഷിക്കുന്നതിൽ പരിണമിക്കുന്നു

ഇതിനുശേഷം, കർത്താവായ യേശു പുരുഷാരത്തോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അവന്റ അമ്മയും അവന്റെ സഹോദരന്മാരും അവനോട് സംസാരിക്കുവാൻ അന്വേഷിച്ചുകൊണ്ട് പുറത്തു നിൽക്കുകയായിരുന്നു. അപ്പോൾ ഒരുത്തൻ അവനോടു പറഞ്ഞു, "ഇതാ നിന്റെ അമ്മയും നിന്റെ സഹോദരന്മാരും നിന്നോട് സംസാരിക്കുവാൻ അന്വേഷിച്ചുകൊണ്ട് പുറത്തു നിൽക്കുന്നു." (വാ. 46-47) ഇതും കർത്താവിന് ചിലത് വെളിപ്പെടുത്തുവാൻ അവസരം നൽകിയ ഒരു പരിതസ്ഥിതിയായിരുന്നു. കർത്താവ് പറഞ്ഞു, "എന്റെ അമ്മ ആരാകുന്നു? എന്റെ സഹോദരന്മാരും ആരാകുന്നു? എന്നു ചോദിച്ചു. തന്റെ ശിഷ്യന്മാരുടെ നേർക്ക് തന്റെ കൈ നീട്ടി അവൻ പറഞ്ഞു, ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും! സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു" (48-50). യെഹൂദന്മാരുമായി ജഡത്തിലുള്ള തന്റെ ബന്ധം സ്വർഗീയ രാജാവ് ഉപേക്ഷിച്ചുവെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു. ഈ അധ്യായത്തിൽ ക്രിസ്തുവിനെ യെഹൂദന്മാർ തിരസ്കരിച്ചത് അതിന്റെ ഉച്ചസ്ഥിതിയിലെത്തി, അത് ക്രിസ്തു അവരെ പൂർണമായി ഉപേക്ഷിക്കുന്നതിൽ പരിണമിച്ചു. ഈ ഘട്ടത്തിൽ അവരും ക്രിസ്തുവും തമ്മിലുള്ള അകൽച്ച ആരംഭിക്കുകയും അവർ

ക്രിസ്തുവിൽനിന്നും ഛേദിക്കപ്പെടുകയും ചെയ്തു (റോമ. 11:17, 19-20). യെഹൂദന്മാരുമായുള്ള അകൽച്ചയ്ക്കുശേഷം ക്രിസ്തു ജാതികളിലേക്കു തിരിഞ്ഞു. അതിനുശേഷം തന്റെ അനുയായികളുമായുള്ള അവന്റെ ബന്ധം ജഡത്തിലായിരുന്നില്ല, പിന്നെയോ ആത്മാവിലായിരുന്നു. തന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ സഹായിക്കുന്ന അവന്റെ സഹോദരനും, സഹതപിക്കുന്ന അവന്റെ സഹോദരിയും, ആർദ്രതയോടെ സ്നേഹിക്കുന്ന അവന്റെ അമ്മയും ആകുന്നു.

46 മുതൽ 50 വരെയുള്ള വാക്യങ്ങളിൽ നാം ഒരു വലിയ തിരിവിനെ, യുഗപരമായ ഒരു തിരിവനെപ്പോലും കാണുന്നു. ഈ ഘട്ടം മുതൽ അങ്ങോട്ട് ജനവുമായുള്ള യേശുവിന്റെ ബന്ധം സ്വാഭാവിക ജനനത്തെയല്ല, മറിച്ച് ആത്മിക ജനനത്തെ അടിസ്ഥാനമാക്കിയാണ്. സ്വർഗസ്ഥനായ പിതാവിന്റെ ഹിതം ചെയ്യുന്നവൻ യേശുവിന്റെ ഒരു ബന്ധുവാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പന്ത്രണ്ടാം അധ്യായത്തിന്റെ അവസാനഭാഗത്ത് യിസ്രായേൽ ഗോത്രത്തെ മുഴുവനായി കർത്താവ് ഉപേക്ഷിച്ചുവെന്ന് കർത്താവ് ശക്തമായി സൂചിപ്പിച്ചു. അതിനുശേഷം, ജനവുമായുള്ള അവന്റെ ബന്ധം ആത്മികമായ ഒന്നിനെ ആശ്രയിച്ചിരിക്കണമായിരുന്നു. പിതാവിന്റെ ഹിതം ചെയ്യുന്നവരെല്ലാം അവന്റെ ബന്ധുക്കളാണ്. ഹല്ലേലൂയ്യാ, നാം ക്രിസ്തുവിന്റെ ബന്ധുക്കൾ മാത്രമല്ല, അവന്റെ അവയവങ്ങളുമാണ്! നമ്മുടെ സ്വാഭാവിക രക്തത്താലോ സ്വാഭാവിക ജനനത്താലോ അല്ല നാം അവന്റെ അവയവങ്ങളായിരിക്കുന്നത്, പിന്നെയോ നമ്മുടെ ആത്മാവിലുള്ള നമ്മുടെ ആത്മിക ജനനത്താലാണ്. കർത്താവിനോട് പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു (1 കൊരി. 6:17). ഇപ്പോൾ നാം അവന്റെ സഹോദരന്മാരും സഹോദരിമാരും മാത്രമല്ല; നാം അവനുമായി ഏകാത്മാവും, അവനിൽ ഏക ശരീരവും, അവനിൽ ഏക പുതുമനുഷ്യനും ആണ്.

പന്ത്രണ്ടാം അധ്യായത്തിന്റെ അവസാനഭാഗത്ത്, സ്വാഭാവിക രക്തമനുസരിച്ച് യിസ്രായേലുമായുള്ള അവന്റെ ബന്ധം അവസാനിച്ചുവെന്ന് മുഴുവൻ പ്രപഞ്ചത്തോടുമായി കർത്താവായ യേശു വ്യക്തമായ ഒരു പ്രഖ്യാപനം നടത്തി. അങ്ങനെ, യിസ്രായേൽ മുറിച്ചുമാറ്റപ്പെട്ടുവെന്ന് റോമർ 11 പറയുന്നു. ഈ മുറിച്ചുമാറ്റപ്പെടൽ മത്തായി 12-ന്റെ അവസാനം സംഭവിച്ചു. ജാതികളെ ഒട്ടിച്ചുചേർത്തുവെന്നും റോമർ 11 പറയുന്നു. ഇതും മത്തായി 12-ന്റെ അവസാനം സംഭവിച്ചു. അടുത്ത ദൂതിൽ രാജ്യത്തിന്റെ മർമങ്ങളെ നാം കാണും. ആ അധ്യായത്തിൽ നാം യിസ്രായേലിനെയല്ല, മറിച്ച് സഭ എന്ന നിലയിൽ ഒട്ടിച്ചുചേർക്കപ്പെട്ട ജാതികളെ കാണും.